**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4228 17.05.2017 ലെ മറുപടിക്ക്.**

## *ഗൾഫ് മലയാളികൾക്കായി വിമാനക്കമ്പനി*

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ<br>ശ്രീ. അനിൽ അക്കര<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. പിണറായി വിജയൻ<br>**(മുഖ്യമന്ത്രി)** |
| (എ) ഗൾഫ് മലയാളികൾ വിമാനക്കൂലിയുടെ പേരിൽ നേരിടുന്ന വിവേചനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | വിമാന യാത്രാക്കൂലിയുടെ കാര്യത്തിൽ ഗൾഫ് മലയാളികൾ ചൂഷണം നേരിടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) ഇതിന് പരിഹാരമായി ഒരു വിമാനക്കമ്പനി തുടങ്ങും എന്ന് വാഗ്ദാനം നൽകിയിരുന്നോ ; | (ബി) | ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്ന മലയാളികളുടെ വിമാനയാത്ര സുഗമമാക്കുന്നതിനായി കേരളത്തിന്റെ ഉടമസ്ഥതയിൽ എയർ കേരള ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിരുന്നു. |
| (സി) ഇത് നടപ്പിലാക്കുന്നതിന് ഇതിനകം കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ? | (സി) | കേന്ദ്ര സർക്കാർ പുറത്തിറക്കിയ പുതിയ വ്യോമയാന നയപ്രകാരം (15.06.2016 മുതൽ) ഏത് കമ്പനിക്കാണോ 20 വിമാനങ്ങളോ അല്ലെങ്കിൽ മൊത്തമായ സീറ്റുകളുടെ 20% ആഭ്യന്തര സർവ്വീസുകൾക്കായിമാറ്റിവച്ചിരിക്കുന്നത്, ആ വിമാന കമ്പനിക്ക് വിദേശത്തേയ്ക്ക് വിമാന സർവ്വീസുകൾ നടത്താം. എന്നാൽ 20 വിമാന ങ്ങൾ ഏറ്റെടുക്കുക അല്ലെങ്കിൽ 20% സീറ്റുകൾ ആഭ്യന്തര ഗതാഗതത്തിന് വേണ്ടി മാറ്റിവെയ്ക്കുക എന്ന കേന്ദ്ര സർക്കാരിന്റെ പുതിയ നയം, എയർ കേരള കമ്പനിയുടെ പ്രവർത്തനത്തെ മുന്നോട്ട് കൊണ്ടുപോകാനുതകുന്നതല്ല. |

ഇക്കാരണത്താൽ എയർ കേരള പദ്ധതി താല്ക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ.